പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1700 15.2.2016 ൽ മറുപടിയ്ക്ക്

## അംഗപരിമിത സെൻസസ് നടത്തിയവർക്കുള്ള വേതനം

ചോദ്യം മറുപടി

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേരള സാമൂഹ്യസുരക്ഷാ മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കിയ അംഗപരിമിത സെൻസസിനായി വിവരശേഖരണം നടത്തിയ അങ്കണവാടി വർക്കർമാർക്കും മറ്റും നൽകേണ്ട പ്രതിഫല തുക മുഴുവനായും നൽകിയോ; ഇല്ലെങ്കിൽ കുടിശ്ശികയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) അംഗപരിമിത് സെൻസസിലെ പ്രൈമറി എന്യൂമറേറ്റർമാരായിരുന്ന അംഗൻവാടി വർക്കർമാർക്ക് നൽകാനുള്ള പ്രതിഫല തുക നൽകിയിട്ടില്ല. ഡേറ്റാ എൻട്രി പൂർത്തീകരിച്ചതിനു ശേഷം ലഭിക്കുന്ന കമ്പ്യൂട്ടർ ജനറേറ്റഡ് കണക്കുകൾ പ്രകാരമാണ് എന്യൂമറേറ്റർമാരുടെ പ്രതിഫല തുക നിശ്ചയിക്കുന്നത്. ഈ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതു പൂർത്തീകരിച്ചതിനു ശേഷമേ കൃത്യമായ പ്രതിഫല തുക നിശ്ചയിച്ച് നൽകുവാൻ കഴിയുകയുള്ളൂ. |
| (ബി) ഇതിനായി എത്ര തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തി; ഇതിൽ എന്ത് തുക നാളിതുവരെ ചെലവഴിച്ചു; | (ബി) അംഗപരിമിത സെൻസസിനായി 13,54,27,750/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നാളിതുവരെ 505 ലക്ഷം രൂപ ചെലവഴിച്ചു. |
| (സി) സെൻസസ് ഇപ്പോൾ ഏതു ഘട്ടത്തിൽ എത്തിനിൽക്കുന്നു എന്നറിയിക്കാമോ; | (സി) ഫീൽഡ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സെൻസസ് റിപ്പോർട്ട് തയ്യാറാക്കുന്ന ഘട്ടത്തിലാണ്. |
| (ഡി) ഈ സെൻസസ് എപ്പോഴത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നറിയിക്കാമോ? | (ഡി) അംഗപരിമിത സെൻസസ് റിപ്പോർട്ട് 2016 ഫെബ്രുവരി മാസത്തിലും, കണക്കുകളും മറ്റും 2016 ഏപ്രിൽ മാസവും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ